കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനക്കാര്യം- എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ടി.വി. തങ്കപ്പൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)25629/05 (TA490/12) നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് -ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.354/2017/തസ്വഭവ   തീയതി,തിരുവനന്തപുരം 08/02/2017**

---

പരാമർശം:
1. ശ്രീ. ടി.വി. തങ്കപ്പൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)25629/05(TA490/12) നമ്പർ കേസ്സിൻമേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.01.2014 ലെ ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 28.04.2014,13.05.2015,01.01.2016 എന്നീ തീയതികളിലെ ഇ 5-7645/2013 നമ്പർ കത്തുകൾ.
3. സഉ(കൈ)നമ്പർ 224/14/തസ്വഭവ, തീയതി 12/12/2014.
4. സഉ(അച്ചടി)നമ്പർ 515/85/ധന തീയതി 16.09.1985
5. സഉ(അച്ചടി)നമ്പർ 600/93/ധന തീയതി 25.09.1993

### <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ടി.വി. തങ്കപ്പൻ ടിയാന് സമയബന്ധിത ഗ്രേഡ് അനുവദിക്കണമെന്ന നിവേദനം പരിശോധിച്ച് രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കണമെന്ന് പരാമർശം 1 പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. ശ്രീ. ടി.വി. തങ്കപ്പൻ 07.07.1973 ൽ ജൂനിയർ ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു . തുടർന്ന് 08.07.1974 ൽ ബിൽ കളക്ടറായും 04.05.1981 ൽ പഞ്ചായത്ത് അസിസ്റ്റന്റായും റഗുലർ പ്രൊമോഷൻ ലഭിക്കുകയും ചെയ്തു .പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന് ഒന്നാം ഗ്രേഡ് പഞ്ചായത്ത് അസിസ്റ്റന്റ് ( നിലവിൽ സീനിയർ ക്ലാർക്ക് ) തസ്തികയുടെ ശമ്പളസ്കെയിലിൽ 16.09.1995

മുതൽ 10 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ചു . തുടർന്ന് പരാമർശം(5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് നിശ്ചിത വകുപ്പ്തല ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ഉദ്യോഗക്കയറ്റ ശമ്പള സ്കെയിലിനു തൊട്ടുതാഴെയുള്ള സ്കെയിലിൽ 20 വർഷത്തെ ഹയർഗ്രേഡ് 08.07.1994 പ്രാബല്യത്തിൽ അനുവദിച്ചിരുന്നു .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .ജൂനിയർ ബിൽ കളക്ടർ എൻട്രി തസ്തികയിൽ ടിയാന് ബിൽ കളക്ടറായി റഗുലർ പ്രൊമോഷനും റഗുലർ തസ്തികയിൽ 10 വർഷത്തെ ഗ്രേഡും അനുവദിച്ച സാഹചര്യത്തിൽ 08.07.1994 ൽ 20 വർഷത്തെ ഗ്രേഡിന് ടിയാന് അർഹതയില്ലാത്തിനാലും ടിയാൻ പ്രൊമോഷൻ തസ്തികയായ പഞ്ചായത്ത് അസിസ്റ്റന്റ് ഗ്രേഡ് 1/ യു്ഡിസി തസ്തികയ്ക്ക് ആവശ്യമായ യോഗ്യത 50 വയസ്സ് പൂർത്തിയാക്കുന്ന തീയതിയായ 07.03.1998 ന് മുമ്പ് നേടിയിട്ടില്ലാത്തതിനാലും ശ്രീ ടി വി തങ്കപ്പന് 08.07.1994 ൽ അനുവദിച്ച 20 വർഷത്തെ ഗ്രേഡ് റദ്ദാക്കിയ ശേഷം 01.11.1998 മുതൽ 23 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇപ്രകാരം പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.01.2014 ലെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**
**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(സേവനപുസ്തകം സഹിതം)
ശ്രീ ടി വി തങ്കപ്പൻ, തരിശ്ശിയിൽ വീട്, മരട്.പി.ഒ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് (ഡെവ.1/190/2015-ഫിൻ തീയതി. 28.10.2016. പ്രകാരം )
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-142/ഇപിഎ 1/2015/തസ്വഭവ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ